**കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ നഴ്സിംഗ് ഒഫീസർമ്മാർ - അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന കാരണത്താൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത് - പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം :- 1. ഉത്തരവ് നം. എൻസി.4/1408/2020/മെവിവ തീയതി 24/11/2025

2. കണ്ണൂർ സർക്കാർ മെഡിക്കൽകോളേജ് പ്രിന്സിപാലിന്റെ 05/12/2025 തീയതിയായ E6/7284/2025/ജിഎംസികെ(2) നമ്പർ കത്ത്

**ഉത്തരവ് നമ്പർ. എൻസി.4/1408/2020/മെ.വി.വ തീയതി: 08-12-2025**

പരാമർശം 1 ഉത്തരവിലെ സൂചന 7 ൽ പരാമർശിച്ചിരിക്കുന്ന കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് പ്രിന്സിപാലിന്റെ ഫയൽ നമ്പർ E6/7284/2025 തീയതി 31/05/2025 എന്ന് തിരുത്തികൊണ്ടും, ചുവടെ വിവരിക്കുന്ന നഴ്സിംഗ് ഓഫീസർമ്മാരുടെ പേര്/പെൻ/അനധികൃത അവധിയിൽ പ്രവേശിച്ച തീയതി എന്നിവ ചുവടെ ചേർക്കും പ്രകാരം പരിഷ്ക്കരിച്ച് കൊണ്ടും ഉത്തരവാകുന്നു.,

| പരാമർശം 1 ഉത്തരവിലെ ക്രമ നം | പേര് | പെൻ | അനധികൃത അവധിയിൽ പ്രവേശിച്ച തീയതി |
|---|---|---|---|
| 2. | രഹിത കെ | 944372 | 01/07/2023 |
| 5. | ഷേർളി പി | 944633 | 12/09/2023 |
| 6. | ഷിജിത്ത് എം ബി | 951041 | 30/10/2023 |
| 9. | ജെസ്സി മാത്യു കെ | 950966 | 02/04/2024 |
| 20. | ലിൻറ വില്ല്യം | 944428 | 01/12/2024 |
| 23 | ഇന്ദു എസ് | 944427 | 01/02/2025 |

പരാമർശം 1 ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

Signed by
Viswanathan K V
Date: 11-12-2025 11:44:04

Dr Viswanathan K V
DIRECTOR

സ്വീകർത്താവ്:- 1. RAHITHA K, SWASTHIKA, KUNNOTH, PATTANNUR

(PO), EDAYANNUR(VIA), KANNUR- 670595

2. SHIRLY P, MANTHRA(H), KANNUR GOVT.MC (PO) THANKAYAKKALLU, KANNUR-670503
3. SHIJITH M B, MUCHILOTT BHANDARAPPURAYIL KALLAKKAMTHODU, KADANNAPPALLI(PO), KANNUR – 670504
4. JESSY MATHEW K, PANTHAMAKKAL (H), ODAKKUND, CHEMPANTHOTTY (PO), KANNUR - 670631
5. LINTO VILLYAM, D/O THRESSIAMMA, MANKOTTIL(H), CHERUPUZHA, EDAVARAMBA (PO), KANNUR-670511
6. INDU S, D/o SIVANKUTTY C, KOLLANTAYYATH (H) AYIKKADU, KODUMAN(PO), PATHANAMTHITTA – 691555

പകർപ്പ്:

1. അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ് , തിരുവനന്തപുരം
2. പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽകോളേജ് കണ്ണൂർ
3. ജെ സെക്ഷൻ ഡിഎംഇ /വെബ്സൈറ്റ് :.www.dme.kerala.gov.in

**<u>തിരുവനന്തപുരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ</u>**
**<u>മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം</u>**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ നഴ്സിംഗ് ഓഫീസർമ്മാർ - അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന കാരണത്താൽ സർവീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:
1. സ.ഉ (കൈ) നം. 132/2020/ആ.കു.വ തീയതി 09/10/2020
2. സ.ഉ (കൈ) നം. 62/2022/ആ.കു.വ തീയതി 18/03/2022
3. ഉത്തരവ് നം. എൻസി.4/1408/2020/DME (1-7) 27/10/2022
4. സ.ഉ (കൈ) നം. 156/2025/ആ.കു.വ തീയതി 28/05/2025
5. കണ്ണൂർ സർക്കാർ മെഡിക്കൽകോളേജ് പ്രിന്സിപാലിന്റെ 28/03/2025 തീയതിയായ ഇ6/7753/2024 നമ്പർ കത്ത്
6. 24/05/2025 തീയതിയായ എൻസി.4/1408/2020/മെവിവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
7. കണ്ണൂർ സർക്കാർ മെഡിക്കൽകോളേജ് പ്രിന്സിപാലിന്റെ 31/05/2025 തീയതിയായ ഇ6/7753/2024 നമ്പർ കത്ത്
8. 22/08/2025 തീയതിയിലെ പ്രമുഖ ദിനപത്രങ്ങളിൽ നൽകിയിട്ടുള്ള പത്രപരസ്യം
9. 20/10 2025 തീയതിയായ എൻസി.4/1408/2020/മെവിവ നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ എൻസി.4/1408/മെ.വി.വ തീയതി:.24-11-2025</u>**

മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്തിട്ടുള്ളതും, കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ നഴ്സിംഗ് ഓഫീസർ തസ്തികയിൽ ജോലി ചെയ്തു വരവേ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതുമായ നഴ്സിംഗ് ഒഫീസർമ്മാർക്കു കണ്ണൂർ സർക്കാർ മെഡിക്കൽകോളേജ് പ്രിൻസിപ്പൽ സൂചന 5 പ്രകാരം നോട്ടീസ് നല്കിയിട്ടുള്ളതും, തിരികെ ജോലിയിൽ പ്രവേശിക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. എന്നാൽ ടി നോട്ടീസ് കൈപ്പറ്റാതെ തിരികെ വരികയും ടി വിവരം കണ്ണൂർ മെഡിക്കൽകോളേജ് പ്രിൻസിപ്പൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറെ അറിയിചിട്ടുള്ളതുമാണ്. കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസ രംഗം രാജ്യത്താകമാനം മാതൃകയായി നിൽക്കുന്ന സാഹചര്യത്തിൽ ഈ വകുപ്പിലെ നഴ്സിംഗ് ഓഫീസർമ്മാർ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കൽ സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനത്തെയും രോഗീപരിചരണത്തിനെയും സാരമായി ബാധിക്കുന്നതിനാൽ ജോലിയിൽ നിന്നും

വിട്ടു നിൽക്കുന്നത് അതീവ ഗുരുതരമായ വിഷയമായി കണ്ടിട്ടുള്ളതും ഇത്തരത്തിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നവരെ സർവീസിൽ നിന്നും പുറത്താക്കുന്നതിനുള്ള ഒരു താൽക്കാലിക തീരുമാനം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ കൈകൊള്ളുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്നതും പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്തതുമായ 27 നഴ്സിംഗ് ഓഫീസർമ്മാർക്ക് സൂചന 6 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുകയും അത് സൂചന 7 കത്ത് പ്രകാരം മേൽവിലാസത്തിൽ രെജിസ്റ്റേർഡ് തപാലായി അയച്ചിട്ടുള്ളതുമാണ്. ടി നോട്ടീസ് പ്രകാരം നോട്ടീസ് കിട്ടി 15 ദിവസത്തിനകം കണ്ണൂർ സർക്കാർ മെഡിക്കൽകോളേജ് പ്രിന്സിപാലിന്റെ മുൻപാകെ ഹാജരായി സർവീസിൽ പുനഃപ്രവേശിക്കെണ്ടതാണെന്നും അതിന് വീഴ്ച വരുത്തുന്ന പക്ഷം ടിയാളുകൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ഇനിയൊരു അറിയിപ്പ് കൂടാതെ കേരള സ്റ്റേറ്റ് & സബോർഡിനെറ്റ് സർവീസ് റൂൾസ് ഭാഗം II റൂൾ 19എ (ii) പ്രകാരം ടിയാളുകളുടെ സേവന നിരീക്ഷണം അവസാനിപ്പിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുന്നതാണെന്നും അറിയിച്ചിരുന്നു.

സൂചന 6 പ്രകാരം അയച്ചിരുന്ന കാരണം കാണിക്കൽ നോട്ടീസിന് ശ്രീ റിജു ജോൺ മാത്രം മറുപടി നൽകുകയും ജോലിയിൽ പുനഃപ്രവേശിക്കാൻ അനുമതി അപേക്ഷിക്കുകയും, കണ്ണൂർ മെഡിക്കൽകോളേജ് പ്രിൻസിപ്പൽ ടിയാനെ ജോലിയിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബാക്കിയുള്ള 26 പേരും ടി കാരണം കാണിക്കൽ നോട്ടീസിനോട് പ്രതികരിച്ചിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ ടി കാരണം കാണിക്കൽ നോട്ടീസ്, 22/08/2025 തീയതിയിലെ ദേശാഭിമാനി, വീക്ഷണം എന്നീ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും, കാരണം കാണിക്കൽ നോട്ടീസിന്റെയും, അനുബന്ധം H4 നോട്ടീസിന്റെയും അസ്സൽ പകർപ്പ് ഡിഎംഇ യുടെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.dme.kerala.gov.in - ൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ ടി നഴ്സിംഗ് ഓഫീസർമ്മാർ ജോലിയിൽ പുനഃപ്രവേശിക്കുന്നതിന് അനുമതി അറിയിച്ചിട്ടില്ല. പകരം തങ്ങളുടെ പേര് ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച് തങ്ങളെ അപകീർത്തിപ്പെടുത്തിയെന്നും, അവധി അപേക്ഷ സമർപ്പിച്ചിട്ടാണ് അവധിയിൽ പ്രവേശിച്ചതെന്നും, അവധി നിരസിച്ചതായി അറിയിപ്പൊന്നും ലഭിക്കാത്തതിനാൽ അനധികൃതാവധിയിൽ ആണെന്ന വാദം തെറ്റാണെന്നും അതിനാൽ തങ്ങളുടെ പേരിൽ ആരംഭിച്ചിട്ടുള്ള അച്ചടക്കനടപടികൾ അടിയന്തിരമായി അവസാനിപ്പിക്കണമെന്നും അറിയിച്ചുകൊണ്ട് 17 പേർ മറുപടി ലഭ്യമാക്കിയിരുന്നു. എന്നാൽ 8 പേർ യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. ശ്രീ ഷിജിത്ത് എം ബി തിരികെ ജോലിയിൽ പ്രവേശിക്കാൻ കഴിയില്ലാത്തതിനാൽ രാജികത്ത് സമർപ്പിച്ചിരുന്നു. എന്നാൽ അച്ചടക്കനടപടിപടികൾ ആരംഭിച്ച ശേഷം രാജി അംഗീകരിക്കാൻ ചട്ടപ്രകാരം നിർവ്വാഹമില്ലാത്തതിനാൽ ടിയാന്റെ രാജികത്ത്

നിരസിച്ചിട്ടുണ്ട്. രാജികത്ത് സമർപ്പിച്ച ശ്രീ ഷിജിത്ത് എം ബി ഒഴികെയുള്ള 25 നഴ്സിംഗ് ഓഫീസർമ്മാർക്കും ഒരു അവസാന അവസരം എന്ന നിലയിൽ, ഒരിക്കൽ കൂടി ജോലിയിൽ തിരികെ പ്രവേശിക്കാൻ അവസരം നൽകികൊണ്ട് സൂചന 8 പ്രകാരം കത്ത് നൽകിയിട്ടുള്ളതും, കത്ത് ലഭിച്ച് 10 ദിവസത്തിനകം തിരുവനന്തപുരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുൻപാകെ ഹാജരാകണമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. അതിൽ പരാജയപ്പെടുന്ന പക്ഷം കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ഭാഗം II റൂൾ 19എ (ii) പ്രകാരം ടിയാളുകളുടെ സേവന നിരീക്ഷണം അവസാനിപ്പിച്ച്, ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 311 (3), 1960 - ലെ കേരള സിവിൽ സർവീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ 18 (ii), കേരള സർവീസ് ചട്ടങ്ങൾ ഭാഗം I അനുബന്ധം XII A എന്നിവ പ്രകാരം ഇനിയൊരു നോട്ടീസ് നൽകാതെ സർവീസിൽ നിന്നും പിരിച്ചുവിടുന്നതാണ് എന്ന് ടി ജീവനക്കാരെ അറിയിച്ചിട്ടുണ്ട്. 13 പേരുടെ കത്തുകൾ "Addressee left India/door closed" എന്ന കുറിപ്പോടുകൂടി തിരികെ ലഭിച്ചിട്ടുണ്ട്. 12 പേർ കത്ത് കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത് തിരികെ ലഭിച്ചിട്ടുണ്ട്. ടി കത്ത് ലഭിച്ച ശേഷം ശ്രീ അനൂപ് ടി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുൻപാകെ ഹാജരാകുകയും ടിയാനെ സർവീസിൽ പുനഃപ്രവേശിപ്പിക്കണമെന്ന് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടിയാനെ അച്ചടക്കനടപടികൾക്ക് വിധേയമായി സർവീസിൽ പുനഃപ്രവേശിപ്പിക്കാൻ കണ്ണൂർ സർക്കാർ മെഡിക്കൽകോളേജ് പ്രിന്സിപാലിനു അനുമതി നൽകിയിട്ടുണ്ട്. ബാക്കിയുള്ള 25 പേർ ഇതുവരെയും ജോലിയിൽ പുനഃപ്രവേശിക്കാൻ അനുമതി തേടിയിട്ടില്ല. ശ്രീമതി ഗ്രീഷ്മ തോമസ് ജോലിയിൽ പുനഃപ്രവേശിക്കാൻ കഴിയില്ലായെന്നും, അവധി അപേക്ഷ അംഗീകരിച്ച് അവധി അനുവദിക്കണമെന്നും കാണിച്ച് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്ത നഴ്സിംഗ് ഓഫീസർമ്മാരുടെ ആഗിരണ നടപടികൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ നഴ്സിംഗ് ഒഫീസർമ്മാർ കൂട്ടത്തോടെ ദീർഘകാല അവധിയ്ക്കുള്ള അപേക്ഷകൾ സമർപ്പിച്ചപ്പോൾ, പകരം ജീവനക്കാരെ നിയമിക്കാതെ അവധി അനുവദിക്കാൻ കഴിയില്ല എന്ന അഭിപ്രായതോടെയാണ് കണ്ണൂർ സർക്കാർ മെഡിക്കൽകോളേജ് പ്രിൻസിപ്പൽ അവധി അപേക്ഷകൾ ഈ കാര്യാലയത്തിൽ ലഭ്യമാക്കിയത്. സഹകരണ മേഘലയിൽ നിന്നും ഏറ്റെടുത്ത ജീവനക്കാരുടെ നിയമന ക്രമീകരണം, തസ്തിക പുനക്രമീകരണം എന്നിവ നടപ്പാക്കിയാൽ മാത്രമേ ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കാൻ സാധിക്കൂ എന്നതിനാൽ ടി നഴ്സിംഗ് ഒഫീസർമ്മാരുടെ നിയമന ക്രമീകരണത്തിന് ശേഷം മാത്രം ടിയാളുകൾക്ക് അവധി അനുവദിക്കാൻ കഴിയൂ എന്ന് അറിയിച്ചുകൊണ്ട് ഈ കാര്യാലയത്തിൽ ലഭിച്ച അവധി അപേക്ഷകൾ നിരസിക്കുന്നതിനായി കണ്ണൂർ മെഡിക്കൽകോളേജ് പ്രിന്സിപാലിനു അയച്ച് നല്കിയിട്ടുള്ളതും, ജീവനക്കാരുടെ നിയമന ക്രമീകരണം പൂർത്തിയായ ശേഷം ലഭിക്കുന്ന അവധി അപേക്ഷകൾ ഈ കാര്യാലയത്തിലേക്ക്

അയച്ചാൽ മതിയെന്ന് പ്രിന്‍സിപാലിനു നിർദേശം നല്കിയിട്ടുള്ളതുമാണ്. എന്നാൽ ദീർഘകാല ശൂന്യവേധന അവധിയ്ക്കുള്ള അപേക്ഷകളിൽ തീരുമാനമെടുത്ത് ജീവനക്കാർ സർക്കാരിലേക്ക് ഒടുക്കേണ്ട ബോണ്ട് തുക ഒടുക്കി, അവധി അനുവദിച്ച് ഉത്തരവ് ആയതിന് ശേഷം ഉത്തരവ് തീയതിമുതൽ ആറു മാസത്തിനകം ജോലി ചെയ്യുന്ന സ്ഥാപന മേധാവി, ജോലിയിൽ നിന്നും വിടുതൽ ഉത്തരവ് നൽകിയാൽ മാത്രമേ അവധിയിൽ പ്രവേശിക്കാൻ സാധിക്കുകയുള്ളൂ എന്നിരിക്കെ, അവധി അപേക്ഷ സമർപ്പിച്ച് അതിൽ തീരുമാനം ആകുന്നതിനു മുൻപ് തന്നെ ടി ജീവനക്കാർ അനധികൃതമായി അവധിയിൽ പ്രവേശിക്കുകയാണ് ചെയ്തിട്ടുള്ളത്.ജീവനക്കാരുടെ ഇത്തരം നടപടി നിലവിലുള്ള സർവീസ് ചട്ടങ്ങൾക്ക് വിരുദ്ധമാണ് .

സ.ഉ (കൈ) നം. 328/2023/ആ.കു.വ തീയതി 04/12/2023 പ്രകാരം KSR ഭാഗം I അനുബന്ധം XII എ, XII സി പ്രകാരമുള്ള അവധി അപേക്ഷകൾ അവധി ആരംഭിക്കുന്നതിനു കുറഞ്ഞത് മൂന്നു മാസം മുൻപെങ്കിലും സമർപ്പിക്കെണ്ടതും, സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ബോണ്ട് തുക ഒടുക്കേണ്ടതുമാണ്. എന്നാൽ ടി നഴ്സിംഗ് ഓഫീസർമ്മാർ അവധി അനുവദിക്കുന്നതിന് മുൻപ് അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുകയുമാണ് ചെയ്തിട്ടുള്ളത്. കെ എസ് ആർ ഭാഗം I അനുബന്ധം XII A (9), അനുബന്ധം XII C (10) എന്നിവ പ്രകാരം ദീർഘകാല അവധി അപേക്ഷകളിൽ തീരുമാനം എടുത്തു അവധി അനുവദിക്കുന്നതിന് മുൻപ് അനധികൃതമായി അവധിയിൽ പ്രവേശിക്കുന്നവർക്കെതിരെ അച്ചടക്കനടപടികൾ ആരംഭിക്കേണ്ടതും കേരള സിവിൽ സർവീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം സേവനത്തിൽ നിന്നും നീക്കം ചെയ്യണമെന്നും, അതിന് ശേഷം ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി ചോദിച്ചാൽ അത് നിരസിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ പരാമർശിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതും, വകുപ്പ് തലവൻറെ അനുവാദമില്ലാതെ രാജ്യം വിട്ടുപോയിട്ടുള്ളതും, തിരികെ സേവനത്തിൽ പ്രവേശിക്കാൻ ഉദാരമായ സമീപനം സ്വീകരിച്ച് ഇത്രയും അവസരങ്ങൾ നൽകിയിട്ടും സേവനത്തിൽ പുനഃപ്രവേശിച്ചിട്ടില്ലാത്ത ചുവടെ പറയുന്ന കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ നഴ്സിംഗ് ഓഫീസർമ്മാരെ സർവീസിൽ നിന്നും നീക്കം ചെയ്യാനുള്ള താൽക്കാലിക തീരുമാനം അന്തിമമാക്കി, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ഭാഗം II റൂൾ 19എ (ii) പ്രകാരം ടി ജീവനക്കാരുടെ സേവന നിരീക്ഷണം അവസാനിപ്പിച്ച്, ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 311 (3), 1960 - ലെ കേരള സിവിൽ സർവീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ 18 (ii), കേരള സർവീസ് ചട്ടങ്ങൾ ഭാഗം I അനുബന്ധം XII A എന്നിവയുടെ അടിസ്ഥാനത്തിൽ ടി നഴ്സിംഗ് ഓഫീസർമ്മാർ

അനധികൃതാവധിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ സർവീസിൽ നിന്നും നീക്കം ചെയ്തു ഉത്തരവാകുന്നു. ടി ജീവനക്കാരുടെ നാളിതുവരെയുള്ള സേവനം പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതല്ല .

| ക്രമ നം | പേര് | പെൻ | അനധികൃതാവധിയിൽ പ്രവേശിച്ച തീയതി |
|---|---|---|---|
| 1. | ഷെമി ഫ്രാൻസിസ് | 944361 | 10/05/2023 |
| 2. | രഹിത കെ | 944441 | 01/07/2023 |
| 3. | സുജാത കെ പി | 944839 | 16/11/2023 |
| 4 | ഷെനി റോസ് സാബു | 944716 | 09/11/2023 |
| 5. | ഷേർളി പി | 944463 | 12/09/2023 |
| 6. | ഷിജിത്ത് എം ബി | 951041 | 10/10/2023 |
| 7. | സിത്താര സി എം | 950948 | 08/12/2022 |
| 8. | കിരൺ മാത്യു | 950978 | 01/02/2023 |
| 9. | ജെസ്സി മാത്യു | 944431 | 02/04/2024 |
| 10 | ജോയിസ് ജോസഫ് | 944739 | 08/03/2024 |
| 11. | ഡോളി ഡോമിനിക് | 944714 | 08/12/2023 |
| 12. | ബേബി സിറിയക് | 950959 | 01/02/2024 |
| 13. | ക്രിസ്ടിമോൾ തോമസ് | 944777 | 02/05/2024 |
| 14. | ഷൈന മാത്യു വി എം | 944795 | 01/09/2024 |
| 15. | സൗമ്യ കെ | 944810 | 28/09/2024 |
| 16. | യമുനാ കുമാരി എൻ എൻ | 944782 | 12/09/2024 |
| 17. | ബിനി പോൾ | 944580 | 17/09/2024 |
| 18. | ടീന തങ്കച്ചൻ | 944377 | 15/10/2024 |
| 19. | ജിഷ എൻ വി | 944429 | 24/10/2024 |
| 20. | ലിന്റ വില്ല്യം | 944489 | 01/12/2024 |
| 21. | റെജി കുരിയാക്കോസ് | 950955 | 01/12/2024 |
| 22. | ഗ്രീഷ്മ തോമസ് | 944658 | 01/12/2024 |
| | | | |

| | | | |
|---|---|---|---|
| 23. | ഇന്ദു എസ് | 944427 | 01/02/2024 |
| 24. | അശ്വതി ബാബു | 944941 | 03/10/2022 |
| 25. | ശ്രീഷ മേലേടത്ത് | 944809 | 18/05/2024 |

**Dr Viswanathan K V**
**DIRECTOR**

സ്വീകർത്താവ്

1 **KIRAN MATHEW**
**MULLANMADACKAL**
**KOTTAYAD KAVALA**
**ALAKODE-670571**
**KANNUR-KERALA**
**PH:9947005922**

2 **SITHARA C M**
**PARAPPALLIL HOUSE**
**ARIVILANJAPOYIL**
**ALAKKODE -670571**
**KANNUR, KERALA**

3 **REJI KURIAKOSE**
**NJARACKAL HOUSE**
**PARAMBATH, EDAT (PO)**
**KUNHIMANGALAM-670327**
**KANNUR, KERALA**

4 **BABY CYRIAC**
**KUZHIPLAKIEL(H)**
**NEDUNGOME (PO),CHUNDAPARAMBA**
**SREEKANDAPURAM (VIA)**
**KANNUR – 670631**

5 **ASWATHI BABU**
**KALLAMPALLI (H)**

KARIPPAL(PO), PERUMBADAVU
KANNUR- 670581

6 CHRISTIMOL THOMAS
KOCHUKARUVATHADATH (H)
KARINKUNNAM(PO), THODUPUZHA
IDUKKI-685586

7 JOICE JOSEPH
D/o JOSEPH
AZHAKATH (H), KANNUR GOVT.MEDICAL COLLEGE (PO)
PARIYARAM, KANNUR-670503

8 SHIJITH M B
MUCHILOTT BHANDARAPPURAYIL
KALLAKKAMTHODU, KADANNAPPALLI(PO)
KANNUR – 670504

9 DOLI DOMINIC
KAILAMANGALATH (H), PUTHURKUNNU,
KANNUR GOVT.MEDICAL COLLEGE (PO)
PARIYARAM, KANNUR-670503

10 SHENY ROSE BABU
ELLUM VILA VEEDU
NJARACADU, THALAVOOR(PO)
KOLLAM-691508

11 RAHITHA K
SWASTHIKA, KUNNOTH
PATTANNUR (PO)
EDAYANNUR(VIA)
KANNUR- 670595

12 SHEMY FRANCIS
MANJALAMKUNNEL(H)

VILAYANCODU(PO)
ALAKYAMPALAM, KANNUR-670504

13 SHIRLY P
MANTHRA(H), KANNUR GOVT.MC (PO)
THANKAYAKKALLU, KANNUR-670503

14 SUJATHA K P
KUNNATH (H)
CHANDANAKKAMPARA(PO)
PAYYAVOOR(VIA) KANNUR-670633

15 JESSY MATHEW K
PANTHAMAKKAL (H), ODAKKUND,
CHEMPANTHOTTY (PO)
KANNUR - 670631

16 SHYNA MATHEW V M
D/o MATHEW V M
VELLIYAKKEL (H), KUPPAM (PO)
MUKKUNNU, KANNUR – 670502

17 SOUMYA K
D/o BALAKRISHNAN K
KARADAN (H), PAYYAVOOR (PO)
KANNUR – 670633

18 YAMUNAKUMARI N N
D/o NEELAKANDAPILLA
MANDHIYODATH, THALUVIL COLONY ROAD
AANDHOOR, KANNUR – 670563

19 BINI PAUL
PULIKKANDATHIL, PARATHODU
CHETTIYAMPARAMBA (PO)
KELAKAM, KANNUR-670674

20 TEENA THANKACHAN
D/o THANKACHAN C J
THENAMMAKKIL(H), CHIRAKKODE
MALAKKALLU (PO), KASARAGOD-671532

21 JISHA N V
D/o VARGHESE,
THOLAMPUZHA(H), CHEMPANTHOTTY
SREEKANDAPURAM, NEDIYENGA
KANNUR- 670631

22 LINTO VILLYAM
D/O THRESSIAMMA
MANKOTTIL(H), CHERUPUZHA
EDAVARAMBA (PO)
KANNUR-670511

23 GREESHMA THOMAS
D/o THOMAS
KONNAKKAL (H), MANDALAM(PO)
NADUVIL (VIA), KANNUR-670582

24 INDU S
D/o SIVANKUTTY C
KOLLANTAYYATH (H)
AYIKKADU, KODUMAN(PO)
PATHANAMTHITTA – 691555

25 SREESHA MELEDATH
D/o M NARAYANAN
MANNIYODATH(H), NIDUVALOOR
CHUZHALI (PO), SREEKANDAPURAM
KANNUR - 670142

പകർപ്പ്: പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (A&E) കേരള,
തിരുവനന്തപുരം

Signed by
Viswanathan K V
Date: 24-11-2025 20:48:34

1. അഡീഷണൽ ചീഫ് സെക്രട്ടറി ആരോഗ്യകുടുംബക്ഷേമ വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ, കണ്ണൂർ സർക്കാർ മെഡിക്കൽകോളേജ്
3. ജൂനിയർ സൂപ്രണ്ട് ജെ സെക്ഷൻ
4. ഫയൽ/സ്റ്റോക്ക് ഫയൽ